ന്യൂസ് പ്രിൻറ് പ്രോജക്ട് ഡിവിഷൻ, കോട്ടയം എന്നീ ഡിവിഷനുകളും ഉൾപ്പെടുന്നില്ല.

(ബി) ജില്ലതിരിച്ചുള്ള വിവരം ശേഖരിക്കുക പ്രയാസകരമായതുകൊണ്ട് പി. ഡബ്ലിയു. ഡി. ഡിവിഷൻ തിരിച്ചുള്ള വിവരങ്ങൾ മേശപ്പുറത്തു വെച്ചിട്ടുണ്ട്.‡

(സി) പല പ്രവൃത്തികളും ഉണ്ട്.

ഹൗസിംങ് ബോർഡിന്റെ പുനഃസംഘടന

* 611 [655] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹൗസിംങ് ബോർഡിന്റെ പ്രവർത്തനം പുനഃസംഘടിപ്പിച്ച് ഇന്നുള്ള ഉദ്യോഗസ്ഥൻമാരുടെ ഭീമമായ എണ്ണം കുറയ്ക്കുവാൻ നടപടി എടുക്കുമോ?

തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി (ശ്രീ. എം. കെ. രാഘവൻ) :

ഹൗസിംങ് ബോർഡിൽ ഇപ്പോഴത്തെ ആവശ്യത്തിലേറെ ഉദ്യോഗസ്ഥൻമാർ ഉണ്ടെന്നോ അവരുടെ എണ്ണം കുറയ്ക്കേണ്ടതാണെന്നോ ഗവൺമെൻറ് കരുതുന്നില്ല. അതുകൊണ്ട് ഈ ഉദ്ദേശത്തോടുകൂടി ഹൗസിംങ് ബോർഡ് പുനഃസംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

സ്വന്തമായി വീടില്ലാത്ത സർക്കാർ ജീവനക്കാർ

* 612 [656] ശ്രീ. കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തം വീടില്ലാത്ത എത്ര സർക്കാർ ജീവനക്കാർ നമ്മുടെ സംസ്ഥാനത്തിലുണ്ട്;

(ബി) അവർക്കുകൂടി വീടുണ്ടാക്കിക്കൊടുക്കുവാൻ ഗവൺമെൻറിനു വല്ല പരിപാടികളുമുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തെന്ന് വിശദീകരിക്കുമോ?

തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി (ശ്രീ. എം. കെ. രാഘവൻ):

(എ) കണക്ക് ശേഖരിച്ചിട്ടില്ല.

(ബി), (സി) എല്ലാ സർക്കാർ ജീവനക്കാർക്കും ഓരോ വീടുണ്ടാക്കി കൊടുക്കുവാൻ പരിപാടിയില്ല. എന്നാൽ സർക്കാർ ജീവനക്കാർക്ക് ഭവനനിർമ്മാണത്തിനുവേണ്ടി വായ്പ അനുവദിക്കുന്ന പദ്ധതി ഇപ്പോഴും നടപ്പിലുണ്ട്. കൂടാതെ എല്ലാ പൗരൻമാർക്കു വേണ്ടിയും വിവിധ ഭവനനിർമ്മാണ പദ്ധതികളിൽ സർക്കാർ ജീവനക്കാർക്കും പരിഗണന ലഭിക്കുന്നതാണ്.

‡ അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly